പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.254

19..02..2016 ൽ മറുപടിയ്ക്ക്.

# നെൽവയൽ നികത്തൽ

ചോദ്യം

ശ്രീ.പി.തിലോത്തമൻ

,, വി.എസ്.സുനിൽ കുമാർ

,, ജി.എസ്.ജയലാൽ

,, ഇ.ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ നികത്തലിന് ആവശ്യമായ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ)ആക്റ്റിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികന്നുപോയതോ, നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25% ഈടാക്കി ക്രമവൽക്കരിക്കാവുന്നതും, ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ ടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തര- |

| | | | |
|---|---|---|---|
| | | | പ്പെടുത്തലോ, പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. |
| (ബി) | പത്ത് ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിൽ പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | പത്തേക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമ വിധേയമാക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. വ്യവസായം തുടങ്ങുന്നതിനും മറ്റുമായി ഇത്തരത്തിൽ നിലം നികത്തുന്നതിന് അനുവാദം നൽകുവാൻ ഉദ്ദേശിച്ചിരുന്ന വേളയിൽ ഇക്കാര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായമാരാഞ്ഞിരുന്നു. പ്രസ്തുത വേളയിൽ ടി ആവശ്യ പൂർത്തീകരണാർത്ഥം നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിന്മേൽനിയമ/ചട്ട രൂപീകരണത്തിന് ഈ വകുപ്പിന് അധികാരമുണ്ടെന്നും എന്നാൽ തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ പ്രസ്തുത അധികാരം ഈ വകുപ്പിൽ നിക്ഷിപ്തമല്ലായെന്നും, കേന്ദ്രവിഷയമായ തണ്ണീർത്തടങ്ങളെ സംബന്ധിച്ച നിയമ/ചട്ടങ്ങൾ കേന്ദ്രസർക്കാർ ഇതിനോടകം നിർമ്മിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമ/ചട്ടങ്ങളുടെ |

| | | | |
|---|---|---|---|
| | | | ചുവടുപിടിച്ച് തണ്ണീർത്തട അതോറിറ്റി രൂപീകരണത്തിന് സംസ്ഥാനം തയ്യാറെടുക്കുന്നുവെന്നും ആകയാൽ തണ്ണീർത്തടങ്ങളെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം ഈ വകുപ്പ് നടത്തേണ്ടതില്ലായെന്നുമാണ് പരിസ്ഥിതി വകുപ്പ് അഭിപ്രായപ്പെട്ടത്. |
| (സി) | സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ബൃഹത്തായ സംവിധാനമാണ് നിലവിലുള്ളത്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും പ്രസ്തുത കാര്യത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയൽ പരിവർത്തനപ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത കാര്യത്തിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കർശന നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ